കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി
Kerala Regional Latin Catholic Secretariat
P.B. No. 620, U.C. College P.O., Aluva - 683102
Tel : 0484-2603705, +91-903700222
kcymlatinofficial@gmail.com

| Chairman | Director | President | General Secretary |
|---|---|---|---|
| Rt. Rev. Dr. Christudas R. | Fr. Anoop Kalathithara OSJ | Mr. Paul Jose | Mr. Sherin K.R |
| KRLCBC Youth Commission | 8281 588 196 | 8547 444 204 | 7559 922 829 |


KCYM/L/2025/CL/No.06 Date: 11/12/2025

സ്നേഹബഹുമാനപ്പെട്ട വൈദികരെ, സിസ്റ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയിൽ നിന്നുള്ള സ്നേഹാഭിവാദ്യങ്ങൾ.

# ഐ.സി.വൈ.എം. ദേശീയ തിരഞ്ഞെടുപ്പ് 2026

നിലവിലുള്ള ഐ.സി.വൈ.എം. ദേശീയ സമിതിയുടെ ഔദ്യോഗിക കാലാവധി രണ്ട് വർഷം പൂർത്തിയാക്കി, 2026 ജനുവരി മാസത്തിൽ അവസാനിക്കുന്ന വിവരം താങ്കൾക്ക് അറിവുള്ളതാണല്ലോ. അതുകൊണ്ട്, ഈ ദേശീയ കൗൺസിൽ യോഗത്തിൽ വെച്ച് പുതിയ ദേശീയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും (National Elections of new office bearers) പുതിയ NEXCO-യുടെ സ്ഥാനാരോഹണവും നടത്തപ്പെടുന്നതാണ്.

## വാർഷിക രൂപതാ മെമ്പർഷിപ്പ് സംഭാവന

**നിലവിലുള്ള വ്യവസ്ഥ:** ഓരോ ഐ.സി.വൈ.എം. രൂപതാ സമിതിയും, ഐ.സി.വൈ.എം. എക്സിക്യൂട്ടീവ് ബോഡിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച്, ദേശീയ ഐ.സി.വൈ.എം. ലേക്ക് *വാർഷിക മെമ്പർഷിപ്പ് സംഭാവന* നൽകേണ്ടതാണ്. ദേശീയ തലത്തിൽ സജീവമായ മെമ്പർഷിപ്പ് നിലനിർത്തുന്നതിനായി, വാർഷിക മെമ്പർഷിപ്പ് സംഭാവന എല്ലാ വർഷവും മാർച്ചിനകം അടച്ചിരിക്കേണ്ടതാണ്.

വാർഷിക മെമ്പർഷിപ്പ് സംഭാവന കൃത്യ സമയത്ത് അടച്ച് സജീവമായ അംഗത്വം നിലനിർത്തുന്ന രൂപതകൾക്ക് താഴെ പറയുന്ന അവകാശങ്ങൾക്കും ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കും:

- എല്ലാ ദേശീയ ഐ.സി.വൈ.എം. പരിപാടികൾ, കോൺഫറൻസുകൾ, കൺവെൻഷനുകൾ എന്നിവയിൽ പങ്കെടുക്കാൻ.
- പൂർണ്ണമായ വോട്ടവകാശത്തോടെ ദേശീയ കൗൺസിൽ യോഗങ്ങളിലേക്ക് പ്രതിനിധികളെ അയക്കാൻ.
- ദേശീയ ഐ.സി.വൈ.എം. പരിശീലന സാമഗ്രികൾ, സർക്കുലറുകൾ, പിന്തുണാ സേവനങ്ങൾ എന്നിവ ഉപയോഗിക്കാൻ.
- ദേശീയ അന്തർദേശീയ യുവജന പരിപാടികൾക്കും എക്സ്ചേഞ്ച് സ്കീമുകൾക്കുമായി സ്ഥാനാർത്ഥികളെ നാമനിർദ്ദേശം ചെയ്യാൻ.

- ദേശീയ ഐ.സി.വൈ.എം. പദ്ധതികൾക്കും സാമ്പത്തിക സഹായങ്ങൾക്കും മുൻഗണന ലഭിക്കാൻ.

വാർഷിക മെമ്പർഷിപ്പ് സംഭാവന കുടിശ്ശികയുള്ളതോ അടയ്ക്കാൻ വൈകിയതോ ആയ രൂപതകൾക്ക്:

- ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മുൻകൂർ അനുമതിക്ക് വിധേയമായി, ഓരോ കേസും പ്രത്യേകം പരിഗണിച്ച് ദേശീയ പരിപാടികളിൽ പങ്കെടുക്കാൻ കഴിഞ്ഞേക്കും.
- എല്ലാ കുടിശ്ശികകളും തീർക്കുന്നതുവരെ ദേശീയ കൗൺസിൽ അല്ലെങ്കിൽ ജനറൽ ബോഡി യോഗങ്ങളിൽ വോട്ടവകാശം വിനിയോഗിക്കാൻ പാടില്ല.
- യഥാർത്ഥ സാമ്പത്തിക ബുദ്ധിമുട്ട് ചൂണ്ടിക്കാട്ടി, ഫീസ് ഒഴിവാക്കാനോ തവണകളായി അടക്കുന്നതിനുള്ള സൗകര്യത്തിനായോ ദേശീയ യൂത്ത് ഡയറക്ടർക്ക് രേഖാമൂലം അപേക്ഷ നൽകിയാൽ പ്രത്യേക പരിഗണന ലഭിച്ചേക്കാം.

പ്രവർത്തനപരമായ ആവശ്യകതകളും സാമ്പത്തികപരമായ പരിഗണനകളും അടിസ്ഥാന-മാക്കി, വാർഷിക മെമ്പർഷിപ്പ് സംഭാവനയുടെ തുക ഓരോ അഞ്ചു വർഷം കൂടുമ്പോഴും പുനഃ-പരിശോധിക്കാനും ഭേദഗതിക്ക് ശുപാർശ ചെയ്യാനും ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും. ഇത് ജനറൽ ബോഡിയുടെ അംഗീകാരത്തിനും CCBI യൂത്ത് കമ്മീഷന്റെ സാധൂകരണത്തിനും വിധേയമായിരിക്കും.

## <u>ദേശീയ നിർവ്വാഹക സമിതി അംഗങ്ങളുടെ കാലാവധി പരിധി</u>

NEXCO-യിലെ അംഗങ്ങളുടെ കാലാവധി ഇപ്രകാരമായിരിക്കും:

- ദേശീയ യൂത്ത് ഡയറക്ടറും (NYD) ദേശീയ യൂത്ത് ലേ അഡ്വൈസറും (NYLA): ബിഷപ്പ്/ആർച്ച് ബിഷപ്പ്/ചെയർമാൻ എന്നിവരുടെ വിവേചനാധികാരവും (CCBI മാനദണ്ഡങ്ങളും) അനുസരിച്ചായിരിക്കും.
- നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ: ഒരു വർഷമായിരിക്കും കാലാവധി.
- തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ: രണ്ട് വർഷമായിരിക്കും കാലാവധി.

ദേശീയ നിർവ്വാഹക സമിതിയിലെ (NEXCO) തിരഞ്ഞെടുക്കപ്പെട്ട ഒരംഗമായി ഒരാൾക്ക് തുടർച്ചയായി ഒരു തവണയിൽ കൂടുതൽ സേവനം അനുഷ്ഠിക്കാൻ പാടില്ല.

തിരഞ്ഞെടുക്കപ്പെട്ട NEXCO അംഗമായി ഒരു പൂർണ്ണ കാലാവധി (രണ്ട് വർഷം) പൂർത്തി യാക്കിയ വ്യക്തി, NEXCO-യിലെ ഏതെങ്കിലും സ്ഥാനത്തേക്ക് വീണ്ടും തിരഞ്ഞെടുക്ക പ്പെടുന്നതിന് യോഗ്യത നേടുന്നതിനു മുമ്പ്, കുറഞ്ഞത് ഒരു കാലാവധിയുടെ (രണ്ട് വർഷം) ഇട വേള പാലിക്കേണ്ടതാണ്.

ഈ കാലാവധി പരിധി, തിരഞ്ഞെടുക്കപ്പെട്ട NEXCO സ്ഥാനങ്ങൾക്ക് മാത്രമായിരിക്കും ബാധ കമാകുന്നത്. ഇതിൽ ദേശീയ യൂത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ, ലിറ്റർജി സെക്രട്ടറി, മീഡിയ സെക്രട്ടറി, ന്യൂസ്ലെറ്റർ എഡിറ്റർ എന്നീ സ്ഥാനങ്ങൾ ഉൾപ്പെടുന്നു (എന്നാൽ ഇവയിൽ മാത്രം ഒതുങ്ങുന്നില്ല).

NEXCO-യിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന പ്രാദേശിക പ്രതിനിധികൾക്കും ഇതേ കാലാവധിപ രിധി ബാധകമായിരിക്കും. എന്നിരുന്നാലും, NEXCO-യിലെ കാലാവധി പൂർത്തിയാക്കിയ ശേഷം,

അവർക്ക് യാതൊരു നിയന്ത്രണവുമില്ലാതെ പ്രാദേശിക (Regional) അല്ലെങ്കിൽ രൂപതാ (Diocesan) എക്സിക്യൂട്ടീവ് കമ്മിറ്റികളിൽ സേവനം ചെയ്യാൻ മടങ്ങാവുന്നതാണ്.

ഈ ഭേദഗതിക്ക് CCBI-യുടെ അംഗീകാരം ലഭിച്ചതിന് ശേഷമുള്ള അടുത്ത NEXCO തിരഞ്ഞെടുപ്പ് മുതൽ ഈ വ്യവസ്ഥ നിലവിൽ വരുന്നതാണ്. അതുകൊണ്ട്, ആർട്ടിക്കിൾ നമ്പർ അനുസരിച്ച്, ഓരോ റീജിയനിൽ (മേഖലയിൽ) നിന്നും രണ്ട് NEXCO അംഗങ്ങളെ (ഒരംഗം പുരുഷനും, ഒരംഗം സ്ത്രീയും എന്ന മുൻഗണനയോടെ) തിരഞ്ഞെടുക്കണമെന്ന് ഐ.സി. വൈ.എം. ആവശ്യപെട്ടിട്ടുണ്ട്.

അതായത് കേരള റീജിയണിൽ നിന്നും 2 പേരെ ( പുരുഷനും, സ്ത്രീയും ) തിരഞ്ഞെടുത്ത് അയക്കേണ്ടതുണ്ട്. നിങ്ങളുടെ രൂപതയിൽ നിന്നും അനുയോജ്യമായവരെ എത്രയും പെട്ടന്ന് തിരഞ്ഞെടുത്തു താഴെപറയുന്ന രേഖകളുടെകൂടെ കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയെ അറിയിക്കണമെന്നു അഭ്യർത്ഥിക്കുന്നു. തിരഞ്ഞെടുക്കുമ്പോൾ 30 വയസിൽ താഴെയുള്ള കല്യാണം കഴിക്കാത്ത യുവതീ, യുവാക്കൾക്കാണ് മത്സരിക്കുവാൻ സാധിക്കുക. കൂടാതെ ഇംഗ്ലീഷ്, ഹിന്ദി ഭാഷയിലെ മികവും ശ്രദ്ധിക്കേണ്ടതുണ്ട്. സമർപ്പിക്കേണ്ട രേഖകൾ താഴെ ചേർക്കുന്നു:

1. രൂപതാ പ്രസിഡന്റ്ന്റെ കത്ത്
2. രൂപതാ ഡയറക്ടറുടെ കത്ത്
3. KCYM-ലെ അവരുടെ പ്രവർത്തന പരിചയത്തിന്റെ രേഖകൾ

മുകളിൽ സൂചിപ്പിച്ച എല്ലാ രേഖകളുടെയും സ്കാൻ ചെയ്ത പകർപ്പുകൾ ഡിസംബർ 20നക്കം സംസ്ഥാന സമിതിക്കു അയച്ചുതരുവാൻ ശ്രദ്ധിക്കുമല്ലോ. കൂടുതൽ നോമിനേഷൻസ് വരുന്ന പക്ഷം സമവായതിലൂടെയോ പ്രവർത്തന പരിചയത്തിന്റെ രേഖകളുടെ അടിസ്ഥാനത്തിലോ ഇവ പരിശോധിച്ചു കേരള റീജിയണിൽ നിന്ന് രണ്ടുപേരെ തിരഞ്ഞെടുത്തു ഡിസംബർ 31നക്കം ഐ.സി.വൈ.എം. ന്റെ ദേശീയ ഓഫീസിലേക്ക് അയക്കേണ്ടതുണ്ട്.

## നന്ദിയോടെ...

നവംബർ 29, 30 തിയ്യതികളിലായി കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയുടെ **അനുഗ്രഹ വഴിയേ** എന്ന പ്രോഗ്രാമിനെ സ്വീകരിക്കുകയും, വേണ്ട എല്ലാ സജ്ജീകരണങ്ങളും ചെയ്തു തന്ന കണ്ണൂർ, സുൽത്താൻപേട്ട് രൂപതകൾക്കു കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയുടെ പേരിലുള്ള നന്ദി അറിയിക്കുന്നു.

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിക്കു വേണ്ടി

KCYM LATIN STATE COMMITTEE

ഷെറിൻ കെ. ആർ.

ജനറൽ സെക്രട്ടറി